പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 799 — 5.6.2018 -ൽ മറുപടിയ്ക്ക്

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഓഫീസ്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ ഡി.സി) ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; വിശദാംശം അറിയിക്കാമോ; | എ) | കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ ഡി.സി) ഓഫീസ് 2008 ഡിസംബർ 15 മുതൽ ബേക്കൽ പാലക്കുന്നിലെ കെ.വി.എസ്. ഹൈപ്പർ മാർക്കറ്റ് എന്ന ബിൽഡിംഗിലാണ് പ്രവർത്തിക്കുന്നത്. |
| ബി) | ഭാരിച്ച തുക വാടകയിനത്തിൽ കൊടുക്കുന്നത് ഒഴിവാക്കുന്നതിനായി ബി.ആർ ഡി.സി യുടെ അധീനതയിലുള്ള തണൽ വിശ്രമ കേന്ദ്രത്തിലേക്ക് പ്രസ്തുത ഓഫീസ് മാറ്റിസ്ഥാപിക്കണമെന്ന ബന്ധപ്പെട്ടവരുടെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | ബി) | 1998-ൽ ബേക്കൽ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് തണൽ വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. 1.5.2003 മുതൽ 15.12.2008 വരെയുള്ള കാലയളവിൽ ബി.ആർ.ഡി.സി.യുടെ പ്രോജക്ട് ഓഫീസ് ഇവിടെ പ്രവർത്തിച്ചിരുന്നു. കെട്ടിടങ്ങൾ നവീകരിച്ച് താമസ സൗകര്യങ്ങളും കൂടി ഒരുക്കി 2008 മുതൽ2015 ഡിസംബർ വരെ ലീസിന് നൽകിയിരുന്നു. ഓഫീസ് മുറികളെ വിഭജിച്ച് താമസ സൗകര്യത്തിനുള്ള ചെറിയ റൂമുകളാക്കി മാറ്റിയാണ് പ്രവർത്തിച്ചിരുന്നത്. നിലവിൽ ഈ കെട്ടിടങ്ങൾ ഓഫീസ് ആയി പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ല. കൂടാതെ വിശ്രമകേന്ദ്രം ലീസിന് നൽകുക വഴി ശരാശരി 1 ലക്ഷം രൂപയോളം പ്രതിമാസം വാടക ഇനത്തിൽ ബി.ആർ.ഡി.സിക്ക് വരുമാനം ലഭിക്കുകയുണ്ടായി. നിലവിൽ കെ.വി.എസ്. ഹൈപ്പർ മാർക്കറ്റിൽ പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി ഓഫീസിന് |

| | | | |
|---|---|---|---|
| | | | മാസം 19500 രൂപ മാത്രമാണ് വാടകയിനത്തിൽ നൽകുന്നത്. കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് 2016-ൽ പുനർലേലം ചെയ്തു എങ്കിലും ബിൽഡിംഗ് നമ്പറില്ലാത്തതിനാൽ പുതിയ നടത്തിപ്പുകാരെ കണ്ടെത്താൻ കഴിഞ്ഞില്ല. തുടർ ശ്രമങ്ങളുടെ ഫലമായി ഇപ്പോൾ കെട്ടിടത്തിന് താത്കാലിക നമ്പർ ലഭ്യമായിട്ടുണ്ട്. തണൽ വിശ്രമകേന്ദ്രം എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**